LIBRARY ARCHIVES Kerala Legislative Assembly

താമരശ്ശേരി ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

142 [1618] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ താമരശ്ശേരി ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ളത് കണക്കിലെടുത്തും രോഗികളുടെ ബാഹുല്യവും സ്ഥലത്തിന്റെ പ്രാധാന്യവും കണക്കിലെടുത്തും താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത ആവശ്യത്തിൻമേൽ ജില്ലാ മെഡിക്കലാഫീസറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലനില്ക്കുന്ന നിരോധനം മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

143 [1619] ശ്രീ. സി. മമ്മുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 'നബാർഡിന്റെ' പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും കെട്ടിട നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാനാവുമെന്നും വ്യക്തമാക്കാമോ;

(സി) കൊടുവള്ളി സി.എച്ച്.സി.-യിൽ ഡോക്ടർമാരില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;